ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 01.12.2024

## പ്രധാന വാർത്തകൾ

TIME : 07.25 PM

1. രാജ്യത്തെ സുപ്രധാന സുരക്ഷാ വിഷയങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉന്നത പോലീസ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

   Prime Minister Narendra Modi held discussions with top police officials on important security issues in the country.

2. അതിർത്തി രക്ഷാ സേന രൂപീകരണ ദിനത്തിൽ ജവാൻമാർക്കും കുടുംബാംഗങ്ങൾക്കും ആശംസകൾ നേർന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   Union Home Minister Amit Shah greeted the jawans and their families on the Border Security Force Raising Day.

3. തെലങ്കാനയിൽ പൊലീസുമായുള്ള ഏറ്റുമുട്ടലിൽ ഏഴ് ഇടതുപക്ഷ തീവ്രവാദികൾ കൊല്ലപ്പെട്ടു.

   Seven Left-wing extremists killed in police encounter in Telangana.

4. ഫെൻജൽ ചുഴലിക്കാറ്റിന് ശക്തി കുറഞ്ഞു. തീവ്ര ന്യൂന മർദ്ദമായതായി കേന്ദ്ര കാലാവസ്ഥ വകുപ്പ്; കേരളത്തിൽ അടുത്ത ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത.

   The Central Meteorological Department says that Cyclone Fengal has weakened into a deep depression; heavy rains are likely in Kerala in the next few days.

5. സയ്ദ് മോദി അന്താരാഷ്ട്ര ബാഡ്മിന്റൺ ടൂർണമെന്റിൽ പുരുഷ, വനിതാ സിംഗിൾസിലും വനിതാ ഡബിൾസിലും ഇന്ത്യയ്ക്ക് കിരീടം.

India wins the men's and women's singles and women's doubles titles at the Syed Modi International Badminton Tournament.

****************************************

HEADLINE-1

## PM - SECURITY CONFERENCE

രാജ്യത്തെ വിവിധ സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും സംബന്ധിക്കുന്ന സുപ്രധാന സുരക്ഷാ വിഷയങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉന്നത പോലീസ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. ഒഡീഷയിൽ ഇന്ന് സമാപിച്ച അഖിലേന്ത്യ പോലീസ് വാർഷിക സമ്മേളനത്തിലാണ് ചർച്ച നടന്നത്. മൂന്ന് ദിവസങ്ങളിലായി നടന്ന സമ്മേളനത്തിൽ പുതിയ ക്രിമിനൽ നിയമങ്ങൾ, തീരസുരക്ഷ, സൈബർ കുറ്റങ്ങൾ, നക്സൽ പ്രതിസന്ധി, എഐ, ഡ്രോൺ ഭീഷണി, മയക്കുമരുന്നുകൾ തുടങ്ങിയ വിഷയങ്ങൾ ചർച്ചയായി. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ, ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ എന്നിവരും വിവിധ സംസ്ഥാന ഡിജിപിമാർ ഉൾപ്പെടെ 200 ഓളം ഉദ്യോഗസ്ഥരും സമ്മേളനത്തിൽ പങ്കെടുത്തു.

**************************************

HEADLINE-2

## BSF-AMIT SHAH

അതിർത്തി രക്ഷാ സേന - ബിഎസ്എഫിന്റെ രൂപീകരണ ദിനത്തിൽ ജവാൻമാർക്കും കുടുംബാംഗങ്ങൾക്കും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ആശംസകൾ നേർന്നു. രാജ്യത്തിന്റെ അഭിമാനവും അഭിലാഷങ്ങളും സംരക്ഷിക്കാൻ BSF സൈനികർ ദൃഢ നിശ്ചയത്തോടെ പ്രവർത്തിക്കുന്നതായി

ആഭ്യന്തരമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. കർത്തവ്യനിർവ്വഹണത്തിനിടയിൽ ജീവൻ ത്യജിച്ചവർക്ക് കേന്ദ്രമന്ത്രി ശ്രദ്ധാഞ്ജലി അർപ്പിച്ചു.

***************************************

# MP- NADDA (INTRO)

എയ്ഡ്സ് ബാധിതരോട് സഹാനുകമ്പ പുലർത്തണമെന്നും അവരുടെ മനുഷ്യാവകശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും കേന്ദ്രമന്ത്രി ജെ പി നഡ്ഡ. ലോകഎയ്ഡ്സ് ദിനത്തോടനുബന്ധിച്ച് മധ്യപ്രദേശിലെ ഇൻഡോറിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തെ എയ്ഡ്സ് മരണത്തിൽ 79 ശതമാനത്തോളം കുറവുണ്ടായിട്ടുണ്ട്. പുതിയ രോഗബാധിതരിലും 44 ശതമാനത്തോളം കുറവുണ്ടായി. രോഗപ്രതിരോധത്തിനായി ഏറ്റവും ചിലവുകുറഞ്ഞ ചികിത്സാരീതികളും രാജ്യത്തു ലഭ്യമാണ് എന്നും ശ്രീ നഡ്ഡ പറഞ്ഞു.

(ഹോൾഡ് വോയിസ്)

2030 ഓടെ രാജ്യം സമ്പൂർണമായി എയ്ഡ്സ് രോഗമുക്തമാകുമെന്നും കേന്ദ്രമന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു.

***************************************

**HEADLINE-3**

# TELANGANA-ATTACK

തെലങ്കാനയിലെ മുളുഗു ജില്ലയിൽ പൊലീസുമായുള്ള ഏറ്റുമുട്ടലിൽ ഏഴ് ഇടതുപക്ഷ തീവ്രവാദികൾ കൊല്ലപ്പെട്ടു. തീവ്രവാദി നേതാവ് ഭദ്രു എന്ന പാപ്പണ്ണ ഉൾപ്പെടെയുള്ളവരാണ് കൊല്ലപ്പെട്ടത്. പൊലീസിന് വിവരങ്ങൾ ചോർത്തി നൽകുന്നതായി ആരോപിച്ച്, ഗോത്ര വിഭാഗത്തിലെ രണ്ട് പേരെ ഈ സംഘം കൊലപ്പെടുത്തിയതിന് തൊട്ടുപിന്നാലെയാണ് പോലീസുമായി ഏറ്റുമുട്ടൽ നടന്നത്.

കൊല്ലപ്പെട്ടവരിൽ നിന്ന് രണ്ട് എകെ 47 തോക്കുകളും പോലീസ് കണ്ടെടുത്തു.

***************************************

## REV VICE PREZ

രാജ്യത്തെ മഹാത്മാക്കളിൽ പലരും ചരിത്രരചനയിൽ വിസ്മരിക്കപ്പെടുകയാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ന്യൂ ഡൽഹിയിൽ നടന്ന രാജ മഹേന്ദ്ര പ്രതാപിൻറെ 138-ആമത് ജന്മവാർഷികാഘോഷ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യൻ സ്വാതന്ത്ര്യം രാജ മഹേന്ദ്ര പ്രതാപ് സിംഗ് പോലുള്ള മഹാത്മാക്കളുടെ ജീവത്യാഗത്തിന്റെ ഫലമാണ്. മികച്ച നയതന്ത്രവിദഗ്ധനും, ദേശീയവാദിയുമായിരുന്നു മഹേന്ദ്ര പ്രതാപ്. ചരിത്രരചനയിൽ ഈ മഹാത്മാക്കളെ മറന്നുപോകുന്നത് വലിയ പോരായ്മയാണെന്നും ശ്രീ ധൻഖർ വ്യക്തമാക്കി.

***************************************

**HEADLINE-4**

## PUDUCHERRY- CYCLONE

പുതുച്ചേരിക്കും വടക്കൻ തമിഴ്നാടിനും മുകളിലായി സ്ഥിതിചെയ്യുന്ന ഫെൻജൽ ചുഴലിക്കാറ്റ് ശക്തികുറഞ്ഞ് തീവ്ര ന്യൂന മർദ്ദമായതായി കാലാവസ്ഥ നിരീക്ഷണ കേന്ദ്രം. അടുത്ത 12 മണിക്കൂറിനുള്ളിൽ ഇത് പടിഞ്ഞാറ് ദിശയിലേക്ക് നീങ്ങുമെന്ന് എന്നും കാലാവസ്ഥ നിരീക്ഷണ കേന്ദ്രം വ്യക്തമാക്കി. അതെസമയം, തമിഴ്നാട്ടിൽ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ ഒറ്റപ്പെട്ട നൂറിലധികം ആളുകളെ കരസേന രക്ഷപ്പെടുത്തി. കനത്ത നാശം നേരിട്ട പുതുച്ചേരിയിൽ ദുരന്ത നിവാരണസംഘം, രക്ഷാ പ്രവർത്തനം നടത്തുന്നു. കാരയ്ക്കലിനും മഹാബലിപുരത്തിനും ഇടയിലായി കഴിഞ്ഞ രാത്രിയാണ് ചുഴലിക്കാറ്റ് തീരംതൊട്ടത്.

***************************************

HEADLINE-4A

## RAIN-KERALA

കേരളത്തിൽ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ നാളെ അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത നൽകി. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. കേരള തീരത്ത് ബുധനാഴ്ച വരെയും, ലക്ഷദ്വീപ് തീരത്ത് വ്യാഴാഴ്ച വരെയും മീൻപിടിത്തത്തിന് പോകരുതെന്ന് മുന്നറിയിപ്പ്.

****************************************

## SABARIMALA-NDRF

ശബരിമലയിൽ പ്രകൃതിക്ഷോഭമടക്കം ഏതു പ്രതികൂലസാഹചര്യങ്ങളെയും നേരിടാൻ പമ്പയിലും സന്നിധാനത്തും ദേശീയദുരന്തനിവാരണ സേന സജ്ജമെന്ന് എൻ.ഡി.ആർ.എഫ്. ടീം കമാൻഡർ ജയന്തോ കുമാർ മണ്ഡൽ. ദുരന്തനിവാരണ അതോറിറ്റി നൽകുന്ന നിർദ്ദേശങ്ങളനുസരിച്ചാണ് എൻ.ഡി.ആർ.എഫ്. പ്രവർത്തിക്കുക. സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരമാണ് എൻ.ഡി.ആർ.എഫ്. ശബരിമലയിൽ എത്തിയത്.

****************************************

HEADLINE-5

## REV EVE BADMINTON

ലഖ്നൗവിൽ നടക്കുന്ന സയ്ദ് മോദി അന്താരാഷ്ട്ര ബാഡ്മിന്റൺ ടൂർണമെന്റിൽ പുരുഷ വിഭാഗം സിംഗിൾസിലും വനിതാ വിഭാഗം സിംഗിൾസിലും ഡബിൾസിലും ഇന്ത്യയ്ക്ക് കിരീടം. പുരുഷ സിംഗിൾസിൽ സിംഗപ്പൂർ താരത്തെ പരാജയപ്പെടുത്തിയാണ് ലക്ഷ്യാസെൻ കിരീടം നേടിയത്. ചൈനീസ് താരങ്ങളെ പരാജയപ്പെടുത്തിയാണ് വനിതാ വിഭാഗം സിംഗിൾസ് ഫൈനലിൽ ഇന്ത്യയുടെ പി വി സിന്ധുവും,

ഡബ്ബിൾസ് വിഭാഗത്തിൽ ഇന്ത്യയുടെ ട്രീസ ജോളി - ഗായത്രി ഗോപിചന്ദ് സഖ്യവും സ്വർണം നേടിയത്. എന്നാൽ പുരുഷ വിഭാഗം ഡബിൾസ്, മിക്സ്ഡ് ഡബിൾസ് ഫൈനലിൽ ഇന്ത്യ പരാജയപ്പെട്ടു.

****************************************

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ഒഡീഷ എഫ്സി-ബെംഗളൂരു എഫ്സി പോരാട്ടം. ഒഡീഷയിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം.

****************************************

## BIHAR - MARATHON (INTRO)

യുവാക്കൾ ആരോഗ്യ - ലഹരിമുക്ത ജീവിതരീതി പിന്തുടരുക എന്ന സന്ദേശം നൽകിക്കൊണ്ട് പട്നയിൽ കൂട്ടയോട്ടം സംഘടിപ്പിച്ചു. ഗാന്ധി മൈതാനിൽ നിന്ന് ഇന്ത്യൻ ബാഡ്മിന്റൺ താരം സൈന നെഹ്വാളാണ് കൂട്ടയോട്ടം ഫ്ലാഗ് ഓഫ് ചെയ്തത്. യുവാക്കൾ ആരോഗ്യകരമായ ജീവിതചര്യ പിൻതുടരണമെന്നും വ്യായാമം നിത്യ ജീവിതത്തിന്റെ ഭാഗമാക്കണമെന്നും സൈനാ നെഹ്വാൾ പറഞ്ഞു.

(ഹോൾഡ് വോയിസ്)

പ്രൊഹിബിഷൻ ഡിപ്പാർട്ട്മെന്റും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

****************************************

## AAP-KEJRIWAL

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിൽ ആം ആദ്മി പാർട്ടി മറ്റ് പാർട്ടികളുമായി സഖ്യത്തിനില്ലെന്ന് മുൻ മുഖ്യമന്ത്രിയും പാർട്ടി

അധ്യക്ഷനുമായ അരവിന്ദ് കെജ്രിവാൾ. വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിനുള്ള 11 സ്ഥാനാർത്ഥികൾ ഉൾപ്പെടുന്ന ആദ്യപട്ടിക എ.എ.പി. പുറത്തുവിട്ടു. മോചനദ്രവ്യം ആവശ്യപ്പെട്ട് ഭീഷണിപ്പെടുത്തുന്ന ഗുണ്ടാസംഘത്തിന്റെ ഇരയാണ് ആം ആദ്മി പാർട്ടി എംഎൽഎ നരേഷ് ബില്ല്യനെന്നും അദ്ദേഹം ഡൽഹിയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

*************************************

## DELHI BJP CHIEF

ഗുണ്ടാനേതാവ് കപിൽ സാംഗ്വാനും പണംതട്ടിപ്പ് കേസിൽ അറസ്റ്റിലായ ആം ആദ്മി പാർട്ടി എം എൽ എ യുമായി നടത്തിയ സംഭാഷണത്തിൽ ആം ആദ്മി പാർട്ടി കൺവീനർ അരവിന്ദ് കെജ്രിവാളിന് പങ്കുണ്ടെന്നു ഡൽഹി ബി ജെ പി അധ്യക്ഷൻ വിരേന്ദ്ര സച്ദേവ. വിഷയത്തിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവരുന്നതിനായി സത്യസന്ധമായ അന്വേഷണം ആവശ്യമാണെന്നും ഇതുമായി ബന്ധപ്പെട്ട് നാളെ ഡൽഹി കമ്മീഷണറുമായി കൂടിക്കാഴ്ച നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

*************************************

## DELHI POLICE

ഇന്നലെ അറസ്റ്റിലായ ആം ആദ്മി പാർട്ടി എംഎൽഎ നരേഷ് ബില്യനും ഗുണ്ടാസംഘം കപിൽ സാംഗ്വാനും തമ്മിലുള്ള സംഭാഷണത്തിന്റെ ശബ്ദരേഖയുമായി ബന്ധപ്പെട്ട് അന്വേഷണം നടക്കുകയാണെന്ന് ഡൽഹി പൊലീസ് അറിയിച്ചു. ഗുണ്ടാസംഘത്തിന്റെ ഓഡിയോയും എഎപി എംഎൽഎയുമായുള്ള ബന്ധവും അന്വേഷിക്കുകയാണ്. അതിനിടെ എംഎൽഎയെ ഡൽഹി കോടതി രണ്ട് ദിവസത്തെ പൊലീസ് കസ്റ്റഡിയിൽ വിട്ടു.

*************************************

## DELHI BJP PADYATRA

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി ഡൽഹി ബി ജെ പി ഘടകം ഈ മാസം 8 മുതൽ പരിവർത്തൻ യാത്ര ആരംഭിക്കും. ഏഴു ലോക്സഭാ മണ്ഡലങ്ങളിൽ നിന്നും ഒരേസമയം ആരംഭിക്കുന്ന പദയാത്ര എല്ലാ ദിവസവും ഒരു നിയമസഭാ മണ്ഡലത്തിൽ പര്യടനം നടത്തും. ആം ആദ്മി പാർട്ടി നേതൃത്വം നൽകുന്ന സർക്കാരിന്റെ ഭരണപരാജയങ്ങൾ തുറന്നുകാട്ടുകയാണ് പദയാത്രയുടെ ലക്ഷ്യം. ഈ മാസം 20 നാണു യാത്രയുടെ സമാപനം.

****************************************

## MAHA-CEO

മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിൽ ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ കൃത്രിമം നടന്നുവെന്ന തെറ്റായ പ്രചാരണം നടത്തിയ ആൾക്കെതിരെ മഹാരാഷ്ട്ര മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പരാതി നൽകി. ഇ വി എമ്മു-കളിൽ കൃത്രിമം, ഹാക്കിങ് തുടങ്ങി തെറ്റായതും അടിസ്ഥാനരഹിതവുമായ അവകാശവാദങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്ന് പരാതിയിൽ പറയുന്നു. പരാതിയിൽ മുംബൈ സൈബർ പോലീസ് കേസ് രജിസ്റ്റർ ചെയ്തു.

****************************************

## MAHA- SHINDE

മഹാരാഷ്ട്രയിലെ ബി.ജെ.പിയുടെ മുഖ്യമന്ത്രി സ്ഥാനാർത്ഥിക്ക് തന്റെ പൂർണവും നിരുപാധികവുമായ പിന്തുണ നൽകുമെന്ന് കാവൽ മുഖ്യമന്ത്രിയും ശിവസേനാ നേതാവുമായ ഏക്നാഥ് ഷിൻഡെ ആവർത്തിച്ചു. മഹായുതി നേതാക്കൾക്കിടയിലെ ഐക്യം ചൂണ്ടിക്കാട്ടിയ അദ്ദേഹം, കഴിഞ്ഞ 2.5 വർഷമായി തന്റെ സർക്കാർ ചെയ്ത പ്രവർത്തനങ്ങൾ ചരിത്രത്തിൽ ഓർമ്മിക്കപ്പെടുമെന്ന് സത്താറ യിൽ അദ്ദേഹം മാധ്യമങ്ങളോട്

പറഞ്ഞു. മഹാരാഷ്ട്ര മുഖ്യമന്ത്രിയെ നാളെ തീരുമാനിക്കുമെന്ന് ഷിൻഡെ അറിയിച്ചു.

**************************************

## MAHAYUTI OATH

മഹാരാഷ്ട്രയിൽ മഹായുതി സർക്കാരിന്റെ സത്യപ്രതിജ്ഞ ഈ മാസം അഞ്ചിന് നടക്കും. മുംബൈ ആസാദ് മൈതാനത്തിലാണ് ചടങ്ങ് നടക്കുക. പ്രധാനമന്ത്രി നരേന്ദ്രമോദി സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കുമെന്ന് ബിജെപി മഹാരാഷ്ട്ര അധ്യക്ഷൻ ചന്ദ്രശേഖർ ഭവൻ കുലെ സാമൂഹികമാധ്യമത്തിൽ അറിയിച്ചു. ബിജെപി, ശിവസേന-ഷിൻഡെ വിഭാഗം, എൻസിപി അജിത് പവാർ വിഭാഗം എന്നീ രാഷ്ട്രീയ പാർട്ടികൾ ഉൾപ്പെടുന്ന മഹായുതി സഖ്യം ആകെയുള്ള 288 സീറ്റിൽ 230-ഉം നേടിയാണ് അധികാരത്തിലെത്തിയത്.

*
**************
************************************